"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - കെ.എസ്.എഫ്.ഇയിൽ ജൂനിയർ അസിസ്റ്റന്റ് ആയി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ശ്രീ. ഗൗതം റാം മോഹൻ,ഫ്ലാറ്റ്നമ്പർ 2-H.കോണ്ടോർ കാസ്സിയ, ഇൻഫോസിസിന് എതിർവശം, തിരുവനന്തപുരം എന്നയാൾക്ക് ടി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.618/2025/TAXES തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-
1. 28.10.2020 ലെ സ.ഉ(അച്ചടി) നം.15/2020/ഉ.ഭ.പ.വ
2. കെ.എസ്.എഫ്.ഇ മാനേജിങ് ഡയറക്ടറുടെ 29.04.2025 തീയതിയിലെ 4119/A നമ്പർ നിയമന ഉത്തരവ്
3. കെ.എസ്.എഫ്.ഇ മാനേജിങ് ഡയറക്ടറുടെ 13.05.2025 തീയതിയിലെ 4119/A നമ്പർ നടപടിക്രമം
4. ശ്രീ ഗൗതം റാം മോഹന്റെ അപേക്ഷ
5. കെ.എസ്.എഫ്.ഇ മാനേജിങ് ഡയറക്ടറുടെ 09.06.2025 തീയതിയിലെ 4119/A നമ്പർ കത്ത്

**ഉത്തരവ്**

കെഎസ്എഫ്ഇയിൽ ജൂനിയർ അസിസ്റ്റന്റായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ശ്രീ.ഗൗതം റാം മോഹൻ, ഫ്ലാറ്റ് നമ്പർ 2-H.കോണ്ടോർ കാസ്സിയ,ഇൻഫോസിസിന് എതിർവശം, തിരുവനന്തപുരം എന്നയാൾ തനിക്ക് രോഗം മൂലമുള്ള അവശത ഉള്ളതിനാൽ ടി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയംനീട്ടി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം നൽകിയിരുന്ന അപേക്ഷയും അനുബന്ധ മെഡിക്കൽ സർട്ടിഫിക്കറ്റും പരാമർശം (5) പ്രകാരം കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം ശ്രീ.ഗൗതം റാം മോഹന് 12.05.2025 തീയതിക്ക് മുൻപായി ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ കെഎസ്എഫ്ഇയുടെ ആലുവ-II ബ്രാഞ്ചിലേക്ക് 29.04.2025 തീയതിയിൽ നിയമന ഉത്തരവ് നൽകിയിരുന്നതായും എന്നാൽ ടിയാൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നിയമന അധികാരിക്ക് നീട്ടി നല്കാൻ കഴിയുന്ന പരമാവധി സമയമായ 45 ദിവസത്തേക്ക് (12.06.2025 വരെ) ദീർഘിപ്പിച്ച് നൽകിയതായും തുടർന്നും ടിയാൻ തനിക്ക് ശാരീരിക അസുഖം മൂലം ജോലിയിൽ പ്രവേശിക്കാനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ചതായും 45 ദിവസത്തിൽ കൂടുതൽ സമയം ഇക്കാര്യത്തിൽ അനുവദിക്കണമെങ്കിൽ സർക്കാരിന്റെ അനുമതി ആവശ്യമുള്ളതിനാൽ ടിയാന്റെ

അപേക്ഷയിന്മേൽ തീരുമാനം എടുക്കണമെന്നും കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അപകടം രോഗം മുതലായവ മൂലമുള്ള ശാരീരിക അവശതകളുടെ കാരണത്താൽ 45 ദിവസത്തിലധികം പ്രവേശന കാലാവധി ആവശ്യമായി വരുന്ന പക്ഷം ഹാജരാക്കേണ്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും നിയമന അധികാരി പാലിക്കേണ്ട ഭരണപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതിനാലും ടിയാന്റെ അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ടെത്തി. മേൽ സാഹചര്യത്തിൽ കെഎസ്എഫ്ഇയിൽ ജൂനിയർ അസിസ്റ്റന്റായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ശ്രീ.ഗൗതം റാം മോഹൻ, ഫ്ലാറ്റ് നമ്പർ 2-H.കോണ്ടോർ കാസ്സിയ,ഇൻഫോസിസിന് എതിർവശം, തിരുവനന്തപുരം എന്നയാളുടെ അപേക്ഷയിലെ ആവശ്യം അംഗീകരിച്ച് ടിയാന് കെഎസ്എഫ്ഇയിൽ ജൂനിയർ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം പരാമർശം (1) ഖണ്ഡിക 3(IX) ലെ വ്യവസ്ഥയനുസരിച്ച്, ഒറ്റ തവണത്തേക്ക് മാത്രം, 05.06.2025 മുതൽ 05.08.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

ശ്രീ. ഗൗതം റാം മോഹൻ, ഫ്ലാറ്റ് നമ്പർ 2H, കോണ്ടോർ കാസ്സിയ, ഇൻഫോസിസിന് എതിർവശം, തിരുവനന്തപുരം(മാനേജിംഗ് ഡയറക്ടർ,കെ.എസ്.എഫ്.ഇ മുഖാന്തരം)
മാനേജിങ് ഡയറക്ടർ,കെ.എസ്.എഫ്.ഇ,തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(H2/235/2025-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 30-06-2025 10:03:42**

സെക്ഷൻ ഓഫീസർ